കൊടുത്തതിനെപറ്റി വല്ല പരാതിയും ഗവമ്മെണ്ടിനു കിട്ടീട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—സ്ഥലം കിട്ടാത്തവരുടെ ഹർജികൾ കിട്ടിയിട്ടുണ്ടു്. അതു് മേൽനടപടിയ്ക്കു റവന്യൂ ഡിപ്പാർട്ടുമെണ്ടിലേക്കു അയച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—പതിച്ചുകിട്ടിയിട്ടുള്ളവരുടെ വല്ല ഹർജിയും ഗവമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—കിട്ടിയതായി അറിവില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പതിച്ചുകിട്ടാത്തവരുടെ ഹർജികൾ റവന്യൂ ഡിപ്പാർട്ടുമെണ്ടിലേക്കു അയച്ചിട്ടുണ്ടെന്നു പറയുന്നു. അതിനെസംബന്ധിച്ചു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—നടപടി ഒന്നും ആയിട്ടില്ല.

മിസ്റ്റർ കെ. പി വള്ളോൻ.—ഈ കൊല്ലത്തിൽ വല്ല നടപടിയും നടത്തുമോ?

രാമവമ്മതമ്പുരാൻ.—ശ്രമിക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഈ അപേക്ഷകൾ റവന്യൂ ഡിപ്പാർട്ടുമെണ്ടിലേയ്ക്കു മേൽ നടപടിയ്ക്കായി അയച്ചതെന്നാണു്?

രാമവമ്മതമ്പുരാൻ.—ഡേററു് നിശ്ചയമില്ല. നോട്ടീസ്സു് വേണം.

Assignment to Kanakkans of lands improved by Pulayas.

502. മിസ്റ്റർ കെ. പി. വള്ളോൻ.—ഞാറയ്ക്കൽ നിവാസികളായ പുലയർ ജോലിചെയ്തു നന്നാക്കിയ ഭൂമി പുലയർക്കു കൊടുക്കാതെ കണക്കന്മാർക്കു് എടുത്തു കൊടുക്കുവാനുള്ള കാരണമെന്താണെന്നു ഗവമ്മെണ്ടിനറിയാമോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—പുലയർ കൂലിവാങ്ങിയാണു് ജോലി ചെയ്തിട്ടുള്ളതു്. കണക്കന്മാരും അധഃകൃതരായതുകൊണ്ടാണു് അവർക്കു സ്ഥലം പതിച്ചു കൊടുത്തതു്. അപേക്ഷക്കാരായ രണ്ടു കണക്കന്മാർക്കും ഒരു പുലയർക്കും പാർക്കുവാൻ സ്ഥലം തിരിച്ചു കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—കൂലികൊടുത്താണു് വേലചെയ്തിച്ചതെന്നു ഗവമ്മെണ്ടു മറുപടി പറഞ്ഞിട്ടുണ്ടു്. 'ആളൊന്നുക്കു് എന്തു കൂലികൊടുത്തു എന്നു പറവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—നോട്ടീസ്സു് വേണം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇതിൽ കണക്കന്മാർ ആ സ്ഥലത്തു ജോലിചെയ്തു നന്നാക്കിയവരല്ലേ?

മിസ്റ്റർ യു. കണ്ടർമേനോൻ.—നോട്ടീസ്സു് വേണം.

LIBRARY ARCHIVES Kerala Legislative Assembly